# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1405 | 20.01.2014-ൽ മറുപടിയ്ക്ക് |

### വികസനവുമായി ബന്ധപ്പെട്ട് കുടിയിറക്കപ്പെടുന്ന കച്ചവടസ്ഥാപനങ്ങൾക്കും ഉടമകൾക്കുമുള്ള പുനരധിവാസ പാക്കേജ്

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) നഗരങ്ങളിലെ ജംഗ്ഷനുകളുടെ വികസനവുമായി ബന്ധപ്പെട്ട് സ്ഥല മെടുപ്പ് നടക്കുമ്പോൾ മാറ്റപ്പെടുന്ന കച്ചവടസ്ഥാപനങ്ങളെയും സ്ഥലം ഉടമകളെയും പുനരധിവസിപ്പിക്കുവാൻ പ്രത്യേകമായ പുനരധിവാസ പാക്കേജുകൾ നടപ്പിലാക്കുന്നുണ്ടോ; ഇത്തരം പുനരധിവാസ പ്രവർത്തനങ്ങൾക്ക് തുക നീക്കി വച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ) നം. 419/2011/ആർ.ഡി തീയതി 15.11.2011 പ്രകാരം ഒരു പുനഃരധിവാസ പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു) നഗരങ്ങളിലെ ജംഗ്ഷനുകളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും ഈ പാക്കേജ് ബാധകമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിക്കുമ്പോൾ തന്നെ പുനഃരധിവാസ പാക്കേജനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്. |
| (ബി) ചേർത്തല മനോരമ ജംഗ്ഷൻ വികസനത്തിനായി ഒഴിവാക്കപ്പെടുന്ന വ്യാപാരസ്ഥാപനങ്ങളുടെ കാര്യത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ മുഖേനയോ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ; ഇതിനുവേണ്ടി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) ചേർത്തല മനോരമ കവല വികസനത്തിനായി സർക്കാർ ഉത്തരവ് (സാധാ) നം. 354/13/പൊ.മ.വ തീയതി 13.03.2013 പ്രകാരം 335 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 122 കടകൾ പൊളിച്ച് നീക്കേണ്ടതായിട്ടുണ്ട്. പൊതുമരാമത്ത് ഉദ്യോഗസ്ഥരുടേയും തഹസിൽദാരുടേയും നേതൃത്വത്തിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

...ുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്